LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ രൂപീകരിച്ചശേഷം ഏതെങ്കിലും മിൽ ഏറെടുക്കാൻ അവരോടാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: തിരുവണ്ണൂർ കോട്ടൺമില്ല് ഏറെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ മിൽ ഏറെടുക്കാൻ ബുദ്ധിമുട്ടില്ല, തിരുവണ്ണൂർ മില്ല് തൊടാൻ ഒക്കുകയില്ല എന്നാണ് അവർ പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. എസ്. നമ്പൂതിരി: ബാങ്കുകൾ നാഷണലൈസ് ചെയ്തിട്ടുള്ളതുകൊണ്ട് ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാൻ ഈ നാഷണലൈസ് ചെയ്ത ബാങ്കുകളുടെ ഭാരവാഹികളോട് ആവശ്യപ്പെടാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: ബാങ്കുകൾ നാഷണലൈസ് ചെയ്തതുകൊണ്ട് ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കുവേണ്ടി 75 ലക്ഷത്തോളം വരുന്ന തുക മുടക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഏതായാലും നോക്കാം.

ശ്രീ. കെ. കെ. അബു: പൂട്ടിയിട്ടിരിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സാമ്പത്തികപരാധീനത പരിഹരിക്കുന്നതിന് ഗവൺമെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. ടി. വി. തോമസ്: അതിനു തൊഴിലില്ലായ്മവേതനം എന്നൊരു സ്കീമിനെപ്പറ്റി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതല്ലാതെ വേറെ പോംവഴിയില്ലെന്നാണ് തോന്നുന്നത്.

ശ്രീ. എ. പി. കുര്യൻ: സ്പിന്നിംഗ് മില്ലുകൾ നഷ്ടത്തിൽ നടക്കുമ്പോൾ താൽക്കാലികമായി റിലീഫ് നൽകാൻ ഗവൺമെൻറ് നടപടിയെടുക്കുമോ?

ശ്രീ. ടി. വി. തോമസ്: റിലീഫ് അണ്ടർടേക്കിംഗ് ഏർപ്പാടുകളുണ്ടാക്കിയാൽ തൊഴിലാളികൾക്കു കൂലിയിൽ കുറവു വരുത്തണമെന്നു നിർബന്ധമുണ്ട്. ഇതിനെപ്പറ്റി അഭിപ്രായങ്ങളുണ്ടായതുകൊണ്ട് ഒരു കാര്യം സഭയെ അറിയിക്കുകയാണ്. തിരുവണ്ണൂർ കോട്ടൺമിൽ കഴിയുന്നതും വേഗം തുറന്നു പ്രവർത്തിക്കാൻ ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ് എന്ന്. ആ ശ്രമത്തിൻറെ ഫലം ഉടനെ ഉണ്ടാകും.

ശ്രീ. എ. പി. കുര്യൻ: അങ്കമാലിയിലെ ടെൽക്ക് പൂട്ടിയിട്ടിരിക്കുകയാണ്. അതു തുറന്നു പ്രവർത്തിക്കാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. ടി. വി. തോമസ്: മെയിൻറനൻസ് വർക്കും സെക്യൂരിറ്റി വർക്കും ചെയ്യാൻ പണിമുടക്കിയ തൊഴിലാളികൾ അനുവദിക്കാതിരിക്കുന്നതുകൊണ്ടാണ് ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്നത്. വളരെ നാശനഷ്ടങ്ങൾ വരാനിടയുള്ള സാധനങ്ങൾ ശേഖരിച്ചുവച്ചിട്ടുള്ള ആ സ്ഥാപനത്തിൽ മെയിൻറനൻസ് വർക്കും സെക്യൂരിറ്റി വർക്കും നടത്താൻ കഴിയാത്ത പരിതഃസ്ഥിതിയാണ് ഇപ്പോഴുള്ളത്.

பிளாக் டெவலப்மென்று ஆபீசுகள்

*279. [989] ஸ்ரீ. என். கணபதி: கீழ் காணும் விஞ்ஞாபனத்துக்கு பஞ்சாயத்து மந்திரி அவர்கள் விடை பகர்வார்களாக:

(எ) நமது மாநிலத்தில் தற்போது எத்தனை ப்ளாக் டெவலப்மென்று ஆபீசுகள் இயங்கி வருகின்றன என்று கூறலாமா;

(பி) இந்த நடப்பு ஆண்டில் ஏதாவது ப்ளாக்குகளைக் கூட்டும் உத்தேசம் உண்டா;

(ஸி) இந்த ப்ளாக்குகளுக்காக ஆண்டுக்கு எவ்வளவு ரூபாய் செலவாக்கப்பட்டுவருகிறது என்று கூறலாமா;

(டி) இந்த ப்ளாக்குகளை புதிதாகச் சீரமைக்கும் உத்தேசம் ஏதாவது சர்க்காரில் இருந்து வருகிறதா;

(இ) ஆயின் எவ்வெவை;

(எப்) வெள்ளோடி கமிற்றி றிப்போர்ட்டு இந்த ப்ளாக்குகள் சம்பந்தமாக என்ன யோசனை கூறிற்று;

(ஜி) அவைகளை நடப்பாக்க உத்தேசம் உண்டா;

(எச்) இல்லையெனில் ஏன் என்று கூறலாமா?

பஞ்சாயத்தும் சாமூஹ്യ വികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ ഹാജി):

(എ) 144

(ബി) ഇല്ല.

(സി) 1960-61 മുതൽ 1968-69 വരെ ബ്ലോക്കുകൾക്കുവേണ്ടി ചെലവാക്കിയ തുകകളുടെ വിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വെച്ചിട്ടുണ്ട്*.

(ഡി, ഇ) ബ്ലോക്കുകളും താലൂക്കുകളും തമ്മിൽ സംയോജിപ്പിക്കുന്ന പ്രശ്നം ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

(എഫ്) ബ്ലോക്കുകളും താലൂക്കുകളും തമ്മിൽ സംയോജിപ്പിച്ചു 70 മുതൽ 80 വരെ പുതിയ യൂണിറ്റുകൾ ഉണ്ടാക്കാനാണ് വെള്ളോടിക്കമ്മിറ്റിയുടെ ശുപാർശ.

(ജി) പ്രസ്തുത ശുപാർശ ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. കണപതി: സർ, 144 ബ്ലോക്കുകളിൽ ഇരുപതും പതിനൊന്നും ചതുരമൈൽ കൊണ്ട ചേവിക്കുളം, പീർമേടു, ഉടുമ്പൻചോല മുതലിയവകളിൽ ചതുര മൈൽകളുക്കു ഒരേ എമവുണ്ട് ആലാട് ചെയ്യപ്പടുകിറതു. അതെ മാറ്റി ഏരിയാ അടിപ്പടൈയിൽ അലാട് ചെയ്യപ്പടുമാ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ബ്ലോക്കുകൾക്ക് പുതുതായി അലോട്ടുമെൻറ് ഇല്ലാത്ത അവസരമാണിത്. പുതിയ ബ്ലോക്കുകൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് ഇപ്പോൾ ആലോചിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല.

ശ്രീ. എൻ. കണപതി: സർ, പത്തും ആയിരം ചതുര മൈൽകളുക്കു ഒരേ എമവുണ്ട് അലാട് ചെയ്യപ്പടുവതെ മാറ്റി ഏരിയാ അടിസ്ഥാനത്തിൽ മാറ്റി അമൈക്കപ്പടുമാ?

---

*Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: വിസ്തീർണ്ണം മാത്രം കണക്കിലെടുത്തുകൊണ്ടല്ല ബ്ലോക്കുകൾ രൂപീകരിച്ചിരിക്കുന്നത്.

ശ്രീ. എൻ. കണപതി: தேவிகுளம், பீர்மேடு, உடும்பன்சோலை முதலிய மூன்று தாலுக்குகளிலும் ஏரியா அடிப்படையில் மாற்றி அமைக்கலாமென்று முன்பு ஒரு கேள்விக்கு சாதகமாக பதில் அளிக்கப்பட்டது. அதன்படி செய்ய நமது கவர்மென்ட் முன்வருமா?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: നിലവിലുള്ള ബ്ലോക്കുകൾ തന്നെ വേണമോ വേണ്ടയോ എന്ന പ്രശ്നം തീരുമാനിക്കപ്പെടാതിരിക്കുമ്പോൾ പുതിയ ബ്ലോക്കുകളുടെ രൂപവൽക്കരണം സാദ്ധ്യമല്ല.

ശ്രീ. കെ. എം. മാണി: കാലാവധി കഴിഞ്ഞിട്ടുള്ളതും, ഉടനടി കാലാവധി കഴിയുന്നതുമായ ചില ബ്ലോക്കുകൾ ഉണ്ട്. ആ ബ്ലോക്കുകളിൽ തുടങ്ങിവച്ച ചില പണികൾ തീരാതെയുണ്ട്. അങ്ങനെയുള്ള ബ്ലോക്കുകളിലെ ടെൻഡർ വിളിച്ചു പണിയാരംഭിച്ചിട്ടുള്ള വർക്കുകൾ തീരുന്നതുവരെ ആ ബ്ലോക്കുകളുടെ കാലാവധി നീട്ടുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: ഭാവിയിൽ കാലാവധി നീട്ടാൻ പാടില്ലെന്നാണ് തീരുമാനം. ഇങ്ങനെയുള്ള പ്രത്യേക കേസ്സുകളിൽ എന്താണു വേണ്ടതെന്ന കാര്യം പരിഗണിച്ചുവരികയാണ്.

ശ്രീ. കെ. എം. മാണി: കാലാവധി കഴിയുന്ന ചില ബ്ലോക്കുകളിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ചില ജീവനക്കാർ, താൽക്കാലികാടിസ്ഥാനത്തിലും ടെമ്പററിയായിട്ടും രണ്ടും മൂന്നും കൊല്ലം ജോലി നോക്കിയിട്ടുള്ളവർ, ബ്ലോക്കുകളുടെ കാലാവധി കഴിയുന്നതോടുകൂടി വഴിയാധാരമാകാൻ പോകുകയാണ്. അവരെ മറെവിടെയെങ്കിലും അബ്സാർബു ചെയ്യാൻ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: അവർ ഏതു ഡിപ്പാർട്ടുമെന്റിൽ നിന്നാണോ വന്നിട്ടുള്ളത് അവിടേയ്ക്കു തിരിച്ചയക്കുകയാണ് പതിവ്. ടെമ്പററിയായിട്ടു നിയമിക്കപ്പെട്ടവരുടെ കാര്യം പ്രത്യേകമായിട്ടു പര്യാലോചിക്കണം.

ശ്രീ. എ. പി. കുര്യൻ: ബ്ലോക്കുകളും താലൂക്കുകളും സംയോജിപ്പിച്ചിട്ട് 70-നും 80-നും ഇടയ്ക്ക് യൂണിററുകളായി പുനസ്സംവിധാനം ചെയ്യുമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അന്തരിച്ചുപോയ ശ്രീ. അഹമ്മദു കുരിക്കൾ ഇതിനു മുമ്പ് പറഞ്ഞിട്ടുള്ളത് ഇത്തരം 105 യൂണിററുകൾ ഉണ്ടായിരിക്കുമെന്നാണ്. ഈ വൈരുദ്ധ്യത്തിനു കാരണമെന്താണെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: വൈരുദ്ധ്യമൊന്നുമില്ല. വെള്ളോടിക്കമ്മിററിയുടെ ശുപാർശയെന്താണെന്നു ചോദിച്ചതിനു മറുപടിയായിട്ടാണ് ഞാൻ 70-നും 80-നും ഇടയ്ക്ക് യൂണിററുകൾ സംയോജിപ്പിക്കുമെന്നു പറഞ്ഞത്.

ശ്രീ. എ. പി. കുര്യൻ: ഈ പറയുന്ന പുനസ്സംഘടന ഏകദേശം എന്നത്തേക്കു നടപ്പാക്കാൻ കഴിയുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: സ്പെഷ്യലാഫീസറുടെ ഇതു സംബന്ധിച്ച റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം ഉടനടി നടപ്പാക്കും.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ബ്ലോക്കുകളും താലൂക്കുകളും ഏകരൂപമായി സംഘടിപ്പിച്ചു വികസനപ്രവർത്തനങ്ങൾ സ്ഥായിയായി തുടർന്നുപോകാൻ നടപടി സ്വീകരിക്കുമോ; പ്ലാനിംഗ് ബോർഡും മറ്റും എന്തൊക്കെ പറഞ്ഞാലും ബ്ലോക്കുകളുടെ വികസനപരമായ പ്രവർത്തനങ്ങൾമൂലം നാട്ടിൽ വളരെയധികം പ്രയോജനം ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു പുനസ്സംഘടന കഴിഞ്ഞും വികസനപ്രവർത്തനങ്ങൾ സ്ഥായിയായി നടത്താൻ വേണ്ട പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: വികസനപ്രവർത്തനം ഇല്ലാതാകുമെന്ന തെറ്റിദ്ധാരണ വേണ്ട. വികസനപ്രവർത്തനങ്ങൾ തുടർന്നു നടക്കുകതന്നെ ചെയ്യും.

ശ്രീ. എൻ. കെ. ശേഷൻ: സ്റ്റേറേജ് 2 കഴിഞ്ഞ അനവധി ബ്ലോക്കുകൾ സംസ്ഥാനത്തുണ്ട്. ഇത്തരം ബ്ലോക്കുകൾക്കു ആർ. എം. പി. പോലുള്ള പ്രത്യേക പദ്ധതി സാംഗ്ഷൻ ചെയ്തു പ്രയോജനകരമായി പ്രവർത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: സ്റ്റേറേജ് 2 ഘട്ടം കഴിഞ്ഞ 69 ബ്ലോക്കുകളുണ്ട്. അവയ്ക്കു മേലാൽ അലോട്ടുമെൻറ് ഇൻഡ്യാഗവൺമെൻറിൽനിന്നു ലഭിക്കുകയില്ല. ഒന്നും രണ്ടും സ്റ്റേറേജ് കഴിഞ്ഞാൽ അലോട്ടുമെൻറ് ലഭിക്കുകയില്ല. അതിൻറെയടിസ്ഥാനത്തിൽ ജോലിയില്ലാതായ ബ്ലോക്കുകളിൽ ആർ. എം. പി. സ്കീം നടപ്പാക്കിയിരുന്നു. ഇപ്പോൾ അതിനുള്ള അലോട്ടുമെൻറ് ലഭിക്കുന്നില്ല. അതുകൊണ്ട് സംസ്ഥാനഗവൺമെൻറിന് അതു എങ്ങനെ തുടർന്നു നടത്താൻ കഴിയുമെന്ന കാര്യം പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എ. വി. ആര്യൻ: പല ബ്ലോക്കുകളിലും പണമില്ലാത്തതുമൂലം തുടങ്ങിവച്ച റോഡുകളുടേയും പാലങ്ങളുടേയും പണി പൂർത്തിയാക്കാതിരിക്കുകയാണ്. ഇനിയെങ്കിലും ബ്ലോക്കുകളിൽ അനാവശ്യച്ചെലവുകൾ നിയന്ത്രിച്ചു ജീപ്പുകളും മറ്റും അധികം ഉപയോഗിക്കാതെ, തുടങ്ങിവെച്ച പണികൾ, രാമേശ്വരത്തെ ക്ഷൗരം പോലെ ഒന്നും പൂർത്തിയാക്കാതിരിക്കുന്നതു പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: അങ്ങനെയൊരു ഗതികേടുണ്ടായത് ഗവൺമെൻറിൻറെ കുറ്റം കൊണ്ടല്ല. അലോട്ടുമെൻറിൻറെ ഇരട്ടിയും അതിലധികവും തുക ചെലവു വരുന്ന പണികൾ അവിടവിടെ തുടങ്ങിയതുകൊണ്ടാണ് 'രാമേശ്വരത്തെ ക്ഷൗരം പോലെ' ആയത്. ഇത്തരത്തിലുള്ള പണികൾ തീർക്കാൻ ഗവൺമെൻറ് കഴിയുന്നത്ര സഹായങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ. കെ. എ. ശിവരാമഭാരതി: സ്റ്റേറേജ് 2 കഴിഞ്ഞിട്ടുള്ള ബ്ലോക്കുകളെ സംബന്ധിച്ചിടത്തോളം വളരെക്കാലമായിട്ട് അവിടെ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. എത്ര ഉദ്യോഗസ്ഥൻമാർ എത്ര കാലമായി ഒരു ജോലിയുമില്ലാതെ ഇത്തരം ബ്ലോക്കുകളിൽ ഇരിക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: പല ഉദ്യോഗസ്ഥൻമാരേയും അവിടെനിന്നു മാറ്റിയിട്ടുണ്ട്. ചുരുക്കം പേരെ ഇപ്പോഴും അങ്ങനെയുള്ളൂ.

ശ്രീ. ഒ. കോരൻ: ബ്ലോക്കുകളുടെ പുനസ്സംഘടന അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുകയാണല്ലോ. ഇതിനെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റുമായി ചർച്ച നടത്തുകയുണ്ടായോ; ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം കിട്ടാതാകുന്നതിനെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിന്റെ അഭിപ്രായം എന്താണ്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: പുനസ്സംഘടനകൊണ്ടു ആനുകൂല്യം നഷ്ടപ്പെടുകയില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: പോസ്റ്റ് സ്റ്റേറേജ് 2 ബ്ലോക്കുകളുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അലോട്ടുമെന്റു കിട്ടാത്ത സ്ഥിതിക്ക് ആവശ്യമില്ലാത്ത സ്റ്റാഫിനെ ഇനിയും തുടരാൻ അനുവദിക്കുന്നതു ശരിയാണോ; പല ഡിപ്പാർട്ടുമെന്റുകളിലും ആവശ്യത്തിനു സ്റ്റാഫില്ലാത്തതിനാൽ ഇക്കൂട്ടരെ മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്കു സ്ഥലം മാറ്റി നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: അതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

ശ്രീ. പി. പി. ജോർജ്ജ്: ബ്ലോക്കുകളും താലൂക്കുകളും സംയോജിപ്പിക്കുമ്പോഴും, ബി. ഡി. ഓ. മാരുടെ തസ്തികകളും തുടരുന്നതിനെ സംബന്ധിച്ചു എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: ബി. ഡി. ഓ. തസ്തിക ബി. ഡി. ഒ. തഹസീൽദാർ എന്ന നിലയ്ക്ക് നിലനിറുത്തണോ എന്ന കാര്യം ആലോചനയിലിരിക്കുകയാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: പൊതുജനാരോഗ്യപ്രദമായ പ്രവർത്തനങ്ങളും നടത്താൻ ആവശ്യമായ സംഖ്യ ഇല്ലാതിരിക്കുകയും, ഒരു വലിയ സംഖ്യ ശമ്പളമായി ബ്ലോക്കുകളിൽ ചെലവഴിക്കുകയും ചെയ്യുന്നതിനാൽ ഇതൊന്നവസാനിപ്പിച്ചിട്ടു മറെറന്തെങ്കിലും വികസനപ്രവർത്തനങ്ങളും നടത്താൻ ശ്രമിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: സ്റ്റേറേജ് 2 കഴിഞ്ഞ ബ്ലോക്കുകളിലെ ഉദ്യോഗസ്ഥൻമാരെ മറ്റു ബ്ലോക്കുകളിലേക്കു മാറ്റുന്നുണ്ട്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: പല ബ്ലോക്കുകളിലും ജൂനിയർ എൻജിനീയർമാരില്ലാത്തതുകൊണ്ട് മരാമത്തു പണികളും വേണ്ടത്ര നടക്കുന്നില്ല. മൂന്നും നാലും ബ്ലോക്കുകൾക്കുവേണ്ടി ഓരോ ജൂനിയർ എൻജിനീയറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: ജൂനിയർ എൻജിനീയർമാരില്ലാത്ത ബ്ലോക്കുകളിൽ നിയമനത്തിനു അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Vide Question No.* * 279 (989)]

RURAL MANPOWER PROGRAMME

Allotment of funds

(*Rs. in lakhs*)

Sl. No.	*Name of Block*	*Allotment 1968–69 (till 10–10–1969)*	*Allotment 1969–70*	*Total*
(1)	(2)	(3)	(4)	(5)
1.	Parassala ..	2·23	0·75	2·98
2.	Trivandrum Rural ..	1·57	..	1·57
3.	Nemom ..	2·12	0·65	2·77
4.	Ochira ..	1·46	0·50	1·96
5.	Ithikkara ..	1·00	0·26	1·26
6.	Ranni ..	1·18	0·20	1·38
7.	Kottarakkara ..	1·028	..	1·028
8.	Aryad ..	1·60	0·65	2·25
9.	Kanjikuzhy ..	1·01	0.50	1·51
10.	Thycattussery ..	1·00	0·75	1·75
11.	Koipuram ..	2·08	..	2·08
12.	Vaikom ..	1·00	..	1·00
13.	Pallom ..	1·00	0·50	1·50
14.	Madappally ..	1·00	0·50	1·50
15.	Vypeen ..	1·00	..	1·00
16.	Ankamaly ..	1·40	1·00	2·40
17.	Mala ..	1·00	0·25	1·25
18.	Chalakudy ..	1·00	0·25	1·25
19.	Mathilakom ..	2·17	0·50	2·67
20.	Talikulam ..	1·39	..	1·39
21.	Kodungallur ..	1·33	0·08	1·41
22.	Pattambi ..	1·00	..	1·00
23.	Palghat ..	1·00	..	1·00
24.	Mankada ..	1·15	0·09	1·24
25.	Andathode ..	1·00	..	1·00
26.	Chittur ..	1·00	..	1·00
27.	Kollengode ..	1·00	0·20	1·20
28.	Kondotty ..	1·25	1·00	2·25
29.	Malappuram ..	1·95	0·80	2·75
30.	Manjeri ..	1·85	1·00	2·85
31.	Balusseri ..	1·45	0·35	1·80
32.	Kunnamangalam ..	2·50	1·00	3·50
33.	Tanur ..	1·00	..	1·00
34.	Tuneri ..	0·149	..	0·149
35.	Kuthuparamba ..	1·10	0·50	1·90

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)	(4)	(5)
36.	Taliparamba	..	1·50	0·50	2·00
37.	Payyannur	..	2·20	1·00	3·20
38.	Nileswar	..	1·70	1·00	2·70
39.	Kanhangad	..	1·25	0·65	1·90
40.	Irikkur	..	1·15	0·75	1·90
41.	Manjeshwar	..	1·08	..	1·08
			54·85	16·18	71·03

APPENDIX II

[*Vide Question No.* * 285 (998)]

Press Release

The N.M.R. workers in the P.W.D. have been on strike from 1st September 1969. They have put forth a number of demands before the Government regarding their conditions of service. The Government have discussed these demands in detail with the representatives of the N.M.R. Workers' Union. After considering the various aspects of the question, the Government have agreed to give the following benefits to the N.M.R. workers:—

(*i*) The existing sick leave with half wages will be increased from 14 days to 30 days in a year.

(*ii*) In the place of the existing 5 paid holidays (in addition to Sundays) the workers will be given 9 paid festival holidays. Three Restricted Holidays will be given to the workers in lieu of the existing two Sectional holidays.

(*iii*) Two sets of uniforms and washing allowance at Rs. 3 per mensem will be given to the workers from the next financial year.

(*iv*) All the N.M.R. workers will be given House Rent Allowance at a uniform rate of Rs. 5 per mensem irrespective of their pay scale and the place of work with effect from 1–7–1969.

(*v*) Dearness Allowance rates will be revised with effect from 1–7–1969 and it will be at Re. 1 for every 5 points increase in the cost of living index above 500 points (instead of 550 points at present) for Ernakulam, the calculation being made with reference to the index obtaining two months prior to the month of calculation instead of the annual average as at present.

(*vi*) Tar Allowance will be increased from 35 paise per tarring day to 50 paise per tarring day with effect from the date of issue of orders.

LIBRARY ARCHIVES Kerala Legislative Assembly